**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5478** **05-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ടൂറിസ്റ്റ് ബസ്സുകളുടെ നിറം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസ്റ്റ് ബസ്സുകൾക്ക് പൊതുവായി വെള്ള നിറം മാത്രമേ പാടുള്ളൂ എന്ന സർക്കാർ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | 11.08.2021-ൽ ചേർന്ന സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി യോഗത്തിലാണ് സംസ്ഥാനത്തെ കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്ക് ഏകീകൃത കളർ കോഡ് (വെള്ള നിറം) നടപ്പിലാക്കാൻ തീരുമാനമെടുത്തത്. 01.01.2022 തീയതി മുതൽ ആയത് നടപ്പിൽ വരുത്താൻ നിർദ്ദേശവും നൽകിയിരുന്നു. പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് 01.01.2022 മുതലും സർവ്വീസ് നടത്തുന്ന മറ്റു കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്ക് ഫിറ്റ്നസ് പുതുക്കുന്ന സമയം മുതലുമാണ് ഏകീകൃത കളർ കോഡ് നടപ്പിലാക്കാൻ തീരുമാനമെടുത്തിരുന്നത്. |
| (ബി) | പ്രസ്തുത ഉത്തരവ് പുനഃപരിശോധിച്ച് ടൂറിസ്റ്റ് ബസുകളുടെ നിറം ബസ്സുടമയ്ക്ക് ഇഷ്ടമുള്ള തരത്തിലേക്ക് മാറ്റുന്നതിനായുള്ള നീക്കം മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | പരിശോധിച്ചു വരുന്നു. |
| (സി) | ടൂറിസ്റ്റ് ബസ്സുകൾക്ക് വെള്ള നിറം മാത്രം മതി എന്ന് നിഷ്കർഷിച്ചതിന്റെ പശ്ചാത്തലം എന്തായിരുന്നുവെന്ന് വിശദമാക്കാമോ; | (സി) | ടൂറിസ്റ്റ് ബസുകളിൽ റോഡ് സുരക്ഷയ്ക്കും മനുഷ്യജീവനും അപായകരമായി തീരാനുള്ള വിധമുള്ള വിചിത്രങ്ങളായ ചിത്രങ്ങളും മറ്റ് റോഡുപയോക്താക്കളുടെ ശ്രദ്ധ തിരിക്കുന്ന തരത്തിലുള്ള ഗ്രാഫിക്സും, കണ്ണഞ്ചിപ്പിക്കുന്ന എൽ. ഇ.ഡി./ലേസർ കളർ ലൈറ്റുകളും മറ്റ് മോഡിഫിക്കേഷനുകളും മത്സരാടിസ്ഥാനത്തിൽ ഘടിപ്പിക്കുന്നതിലൂടെ നിരത്തുകളിൽ അനാവശ്യ മത്സരങ്ങൾക്കും അപകടങ്ങൾക്കും കാരണമായതിനെ തുടർന്നും, ടി വിഷയത്തിൽ നിയന്ത്രണം ഏർപ്പെടുത്തണമെന്ന, ബഹു. കേരള ഹൈക്കോടതിയുടെ പരാമർശത്തെ തുടർന്നാണ് കോൺട്രാക്ട് കാരേജ് വാഹനങ്ങൾക്ക് ഏകീകൃത കളർ കോഡ് നടപ്പിലാക്കിയത്. |

| | | | |
|---|---|---|---|
| (ഡി) | വെള്ള നിറം മാറ്റി മറ്റ് നിറങ്ങൾ ഉപയോഗിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബസുടമകളിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ പരാതികളോ നിർദ്ദേശങ്ങളോ ലഭ്യമായിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | (ഡി) | കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് ഏകീകൃത കളർ കോഡ് ബാധകമാക്കിയ എസ്.റ്റി.എ.(സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി) തീരുമാനം പുനപരിശോധിക്കണമെന്ന നിവേദനം ലഭ്യമായിട്ടുണ്ട്.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ 10.07.2024-ൽ ചേരുന്ന എസ്.റ്റി.എ. യോഗത്തിൽ ടി വിഷയം ചർച്ചയ്ക്കായി പരിഗണിക്കുന്നുണ്ട്. |
| (ഇ) | ടൂറിസ്റ്റ് ബസ്സുകൾക്ക് നിലവിലുള്ള വെള്ള നിറം മാറ്റി മറ്റ് നിറങ്ങൾ നൽകുന്നതിന് വേണ്ടിയുള്ള നീക്കങ്ങൾ ഉണ്ടെങ്കിൽ അതിന്റെ പശ്ചാത്തലം എന്താണെന്ന് വിശദീകരിക്കാമോ? | (ഇ) | കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് ഏകീകൃത കളർ കോഡ് ബാധകമാക്കിയ എസ്.റ്റി.എ.(സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി) തീരുമാനം പുനപരിശോധിക്കണമെന്ന നിവേദനം ലഭ്യമായിട്ടുണ്ട്.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ 10.07.2024-ൽ ചേരുന്ന എസ്.റ്റി.എ. യോഗത്തിൽ ടി വിഷയം ചർച്ചയ്ക്കായി പരിഗണിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ